(13) പന്തളം മണ്ഡലത്തിലെ കരിങ്ങാലി-പെരുവേലിച്ചാൽ പുഞ്ചകളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ശോച്യാവസ്ഥ

ശ്രീ. പി.കെ. കുമാരൻ : സർ, പന്തളം നിയോജകമണ്ഡലത്തിലെ അപ്പർ കുട്ടനാട് മേഖലയിലുൾപ്പെട്ട പുഞ്ചപ്പാട് ശേഖരങ്ങളാണ് കരിങ്ങാലിച്ചാൽ, പെരുവേലിച്ചാൽ പുഞ്ചകൾ. ഈ പാടശേഖരങ്ങളിൽ കൃഷിയിറക്കേണ്ട സമയമായിരിക്കുകയാണ്. അതിന് ഏറ്റവും ആവശ്യമായത് അവിടത്തെ ലിഫ്റ്റ് ഇറിഗേഷൻ പമ്പുകളുടെ പ്രവർത്തനമാണ്. കഴിഞ്ഞ രണ്ട് മൂന്നു വർഷങ്ങളിലായി ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള കറന്റ് ചാർജ്ജ്, മെയിന്റനൻസ് ചാർജ്, അതുപോലെ താല്ക്കാലിക ജീവനക്കാരുടെ ശമ്പളം ഇതെല്ലാം കൂടിശ്ശികയാണ്. അതിന്റെ ഫലമായിട്ട് ഇപ്പോൾ ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് കൃഷിക്കാർ വളരെയേറെ ബുദ്ധിമുട്ടുന്നു. അന്വേഷിച്ച് ഓഫീസുകളിൽ ചെല്ലുമ്പോൾ അറിയുവാൻ കഴിയുന്നത് പ്രോജക്ട് മെയിന്റനൻസിന് പണം സർക്കാർ തന്നിട്ടില്ല എന്നാണ്. അതുകൊണ്ട് ചെയ്യാൻ കഴിയില്ലെന്നുള്ള നിലയിൽ എഞ്ചിനീയർമാർ തിരിച്ചയയ്ക്കുകയാണ്. ഈ നിലയിൽ പോയാൽ വളരെയേറെ വിഷമമാണ്. അതുകൊണ്ട് ഇതിനാവശ്യമായ പണം അനുവദിക്കുകയും, വളരെ വേഗത്തിൽത്തന്നെ ലിഫ്റ്റ് ഇറിഗേഷൻ പമ്പുകൾ പ്രവർത്തിപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ അവിടെ കൃഷി ഇറക്കാൻ കഴിയുകയുള്ളൂ. അതിന് ബഹുമാനപ്പെട്ട ഗവണ്മെന്റ് അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പന്തളം നിയോജകമണ്ഡലത്തിൽ മാത്രമല്ല കേരളത്തിലാകെയുള്ള സ്ഥിതി ഇതാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, കരിങ്കാലി പുഞ്ചയിൽ രണ്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണുള്ളത്. മഞ്ഞലാംകുളം ലിഫ്റ്റ് ഇറിഗേഷൻ മറ്റൊന്ന് ആരാനിക്കുടി. ഇവയുടെ ഉദ്ധാരണപണികൾക്ക് ദർഘാസ് വിളിച്ചിട്ടുണ്ട്. എന്നാൽ നോൺ പ്ലാൻ സ്കീമിലെ പണികൾക്ക് ഭരണാനുമതി നൽകുന്നതിന് കുറച്ച് കാലതാമസം വന്നിട്ടുണ്ടെങ്കിലും അത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. എന്നാൽപ്പോലും കൃഷിയാവശ്യത്തിനുള്ള വെള്ളം പമ്പ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചെങ്ങന്നൂർ ചെറുകിട ജലസേചന ഡിവിഷന്റെ പരിധിയിൽ വരുന്ന പെരുവേലിച്ചാൽ പുഞ്ചകളിൽ ഏഴ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളാണുള്ളത്. അച്ചൻകോവിൽ ലിഫ്റ്റ് ഇറിഗേഷൻ റീച്ച് നമ്പർ 1,2,4,5-ഉം മുറിഞ്ഞപുഴ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പെട്ടിയും പറയും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, ഓമ തേവാരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവയാണ് അവ. ഈ പദ്ധതിയുടെ ഉദ്ധാരണത്തിനുവേണ്ടിയുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. നോൺ-പ്ലാൻ പദ്ധതിയിൽപ്പെട്ട പണികൾക്ക് ഭരണാനുമതി നൽകുന്നതിന് നേരത്തെ പറഞ്ഞ നിയന്ത്രണംമൂലം ഇവിടെ നടത്താൻ സാധിച്ചിട്ടില്ല. ഈ പദ്ധതികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി 13 ഇനം ഉദ്ധാരണപണികളുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിക്ക് ഇവിടെ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം നീക്കുന്നതിന്റെ ആലോചനയുമുണ്ട്. അതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly